ശ്രീ. കെ. പി. നൂറുദ്ദീൻ : കഴിഞ്ഞ മൽസരങ്ങളിലെല്ലാം അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞതുകൊണ്ടുതന്നെയാണ് 27 കോടിയിൽപ്പരം രൂപയുടെ ഒരു പ്രൊപ്പോസൽ ഇൻഡ്യാഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : അത് ലറിക്സിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അവരുടെ സ്പെഷ്യലൈസ്ഡ് സ്ഥലമായി സ്റ്റേറ്റിനെ എടുത്തുകൊണ്ട് മുഴുവൻ ചെലവും വഹിക്കുവാൻ അവരെ പ്രേരിപ്പിക്കുമോയെന്നാണ്, അല്ലാതെ പ്രൊപ്പോസലിനെക്കുറിച്ചല്ല ചോദിച്ചത്.

ശ്രീ. കെ. പി. നൂറുദ്ദീൻ : സ്പോർട്സിന്റെ വികസനത്തിനുള്ള കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. കേന്ദ്രഗവൺമെന്റ് ഏറ്റെടുക്കുകയെന്നു പറഞ്ഞാൽ, പി. ടി. ഉഷയെ ദേശീയസമ്പത്താക്കി മാറ്റണമെന്ന് പറഞ്ഞുകൊണ്ട് കേരള ഗവൺമെന്റ് സമീപിച്ചിട്ടുണ്ട്.

ശ്രീ. എ. ജോർജ് : സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തിന് ഒരു പരിമിതിയുള്ളതുകൊണ്ട് ഏതെങ്കിലും സാമ്പത്തിക ഏജൻസിയുടെ സഹായം ആവശ്യപ്പെടുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇപ്പോഴം അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

സ്വയം തൊഴിൽ കണ്ടെത്താൻ നൽകുന്ന വായ്പ

* 156. [159] ശ്രീ. എം. എം. ഹസ്സൻ :
,, ഉമ്മൻ ചാണ്ടി :
,, ജി. കാർത്തികേയൻ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്താൻ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് വായ്പ നൽകുന്ന സ്കീമിൽ 1986-87-ൽ എത്ര പേർക്ക് ലോൺ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) വായ്പയുടെ പരിധി 25,000 രൂപയിൽ നിന്ന് വർദ്ധിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 1986-87-ൽ സംസ്ഥാനത്ത് ഒട്ടാകെ 13000 പേർക്ക് ലോൺ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) 1986-87 സാമ്പത്തികവർഷം മുതൽ വ്യവസായ സംരംഭങ്ങൾക്കുള്ള വായ്പയുടെ പരിധി 35,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി : ഈ വർഷത്തെ ലോണിനുള്ള അപേക്ഷകൾ ക്ഷണിച്ചു തുടങ്ങിയോ ; അങ്ങനെ അപേക്ഷ ക്ഷണിക്കുന്ന കൂട്ടത്തിൽ കഴിഞ്ഞവർഷമുണ്ടായ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഓരോ വർഷത്തേക്ക് എന്നു പറഞ്ഞിട്ടല്ല അപേക്ഷകൾ ക്ഷണിക്കുന്നത്. ഓരോ വർഷവും കിട്ടുന്ന അപേക്ഷകൾ വളരെയധിക

LIBRARY ARCHIVES Kerala Legislative Assembly

മായിരിക്കും. പക്ഷേ ആ വർഷം സാങ്ഷൻ ചെയ്യാവുന്നതിന് പരിധിയുണ്ട്. പഴയ അപേക്ഷകളും പുതിയ അപേക്ഷകളും ഒന്നിച്ച് ഒരു Continuing process ആയിട്ടാണ് ഇത് കൊടുക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി ധാരാളം ആളുകളും മുന്നോട്ട് വരുന്നുണ്ട്. അവർക്ക് മുഖ്യമായിട്ട് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ട്, പല ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷൻ ഇല്ലെന്നുള്ളതാണ്. വ്യവസായ വകുപ്പ് വായ്പ കൊടുക്കുകയും, അതിനുള്ള പദ്ധതികളും നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെങ്കിലും മറ്റ് ചില വകുപ്പുകളുടെ കൂടി കോ-ഓർഡിനേഷൻ ഉണ്ടെങ്കിൽ മാത്രമേ ഈ പദ്ധതി വളരെ വിജയപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഒരു കോ-ഓർഡിനേഷൻ ഉണ്ടാക്കിക്കൊണ്ട് കൂടുതൽവേഗം നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കോ-ഓർഡിനേഷൻ, സ്വയം തൊഴിൽ കണ്ടെത്തലിനെന്നു മാത്രമല്ല, ചെറുകിട വ്യവസായ രംഗത്തും ആവശ്യമാണ്. ഏതാണ്ട് ഡിസ്ട്രിക്ട് ലെവലിൽ തന്നെ ഒരു എസ്കോർട്ട് സർവ്വീസ് ഗ്രൂപ്പ് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന വിവിധ വകുപ്പുകളുടെ പ്രതിനിധികളും ഉണ്ട്. അതിന്റെ പ്രൊസിഡ്യൂവർ കുറെക്കൂടി ലഘൂകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവ് പാസ്സാക്കിയിട്ടുണ്ട്. പക്ഷേ ഓരോന്നും പ്രൊസ്സസ് ചെയ്യേണ്ടത് അതാത് വകുപ്പുകളാണ്. കമ്മിറ്റിക്ക് ഒരു റെക്കമെന്റേറ്ററി നേച്ചറാണ്. വ്യവസായ വകുപ്പ് ചെയ്യേണ്ട കോ-ഓർഡിനേഷൻ വർക്കൊക്കെ ചെയ്തിട്ടുണ്ട്. എന്തെങ്കിലും വിഷമമുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ : സ്വയം തൊഴിൽ കണ്ടെത്തി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഇലക്ട്രിക് കണക്ഷൻ ലഭിക്കുന്നതിന് വളരെയധികം കാലതാമസമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻതന്നെ കഴിയുന്നില്ല. അതിന് 25,000 രൂപയിൽ കൂടുതൽ കോൺട്രിബ്യൂഷൻ കൊടുക്കുന്ന നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് സ്വയം തൊഴിൽ കണ്ടെത്തുന്ന വ്യവസായ സംരംഭങ്ങൾക്ക് കഴിയുന്നത്ര വേഗം ഇലക്ട്രിക് കണക്ഷൻ കൊടുക്കുന്നതിന് നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : സ്വയം തൊഴിൽ കണ്ടെത്തൽ സംരംഭങ്ങൾക്ക് ഒരു പരിധിവരെ ഇലക്ട്രിക് കണക്ഷൻ കിട്ടുവാനുള്ള ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് പരിഹരിക്കുവാൻവേണ്ടി വ്യവസായ വകുപ്പ് കേരള ഇലക്ട്രിസിറ്റി ബോർഡുമായി പലപ്പോഴും ഇടപെടുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. അപ്പപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുന്നതിന് വേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ : സ്വയം തൊഴിൽ കണ്ടെത്തലിന് ഇന്റർവ്യൂ നടത്തുമ്പോൾ ഇന്റർവ്യൂ കാർഡ് താമസിച്ചു കിട്ടുന്നുയെന്നുള്ള വ്യാപകമായ പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ, കാർഡ് താമസിച്ചു കിട്ടുന്ന ആളുകൾക്ക് രണ്ടാമത് റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ വീണ്ടും ഇന്റർവ്യൂവിന് വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഇൻറർവ്യൂ കാർഡ് തപാലിച്ച് കിട്ടുകയെന്നുള്ളത് ചില റെപ്പെട്ട സംഭവമായിട്ടാണ് ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എങ്കിലും അതിനു മതിയായ കാരണങ്ങളും ഉണ്ടെങ്കിൽ അത് കൺഡോൺ ചെയ്ത് കൊടുക്കുവാനും അവരെ ഇൻറർവ്യൂ ചെയ്യുവാനോ അല്ലെങ്കിൽ അടുത്ത കൊല്ലത്തേക്ക് എങ്കിലും ഇൻറർവ്യൂ ചെയ്യുവാനോ ഉള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. ബേബി ജോൺ : സ്വയം ഞാഴിൽ കണ്ടെത്തലിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെൻറിൻറെ അലോട്ട്മെൻറ് എത്രയാണ് ? അതിൽ നമുക്ക് എത്ര രൂപയുണ്ട് ? നമ്മുടെ സംസ്ഥാനം തൊഴിലില്ലായ്മകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സംസ്ഥാനമാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് പ്രത്യേകമായി വല്ലതും ലഭിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇൻഡ്യക്ക് മുഴുവനുമായിട്ടുള്ള അലോട്ടുമെൻറാണ് കേന്ദ്ര ഗവൺമെൻറ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പതിമൂന്നായിരം പേർക്ക് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തെയും ആപ്ലിക്കേഷൻസ് പരിഗണിച്ചിട്ടാണ് ഗവൺമെൻറ് തീരുമാനിക്കുന്നത്. പതിമൂന്നായിരം പേർക്ക് കൊടുക്കുന്നത് പോരായെന്ന് കേന്ദ്ര ഗവൺമെൻറിനോട് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൻറെ ടോട്ടൽ അലോട്ടുമെൻറിൻറെ കണക്ക് പെട്ടെന്ന് പറയാൻ എൻറെ കയ്യിലില്ല.

തീപ്പെട്ടി വ്യവസായം

* 157 [160] ശ്രീ. കെ. പി. എ. മജീദ് :
,, പി. സീതി ഹാജി :
,, സി. ടി. അഹമ്മദാലി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീപ്പെട്ടി വ്യവസായങ്ങൾക്ക് ആവശ്യമായ സോഫ്റ്റ് വുഡ് തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്നതുമൂലം സംസ്ഥാനത്തിലെ തീപ്പെട്ടി വ്യവസായം പ്രതിസന്ധിയിലാണ് എന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സോഫ്റ്റ് വുഡ് ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഇതേപ്പറ്റി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പിൽ നിന്ന് ലഭ്യമായ വെള്ളമരത്തിൽ അൻപതു ശതമാനം സർക്കാർ തീരുമാനപ്രകാരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അലോട്ടു ചെയ്യുന്നതിന് നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന വെള്ളമരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവയുടെ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി വിതരണം ചെയ്തു വരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly